മാറ്റത്തിരുത്തലുകളും വ്യാജവാദങ്ങളും

# യുദ്ധ വേളയിൽ പാലിക്കേണ്ട
# പ്രവാചക നിർദേശങ്ങൾ



SANAD

ML

بسم الله الرحمن الرحيم

## അന്യായാമായി കൊല നടത്തുന്നതിനെ സംബന്ധിച്ച മുന്നറിയിപ്പ്

ഇബ്നു അബ്ബാസ് (റ) നിന്നും നിവേദനം ചെയ്യപ്പെടുന്നു : ഒരിക്കൽ ഒരാൾ അദ്ദേഹത്തോട് ചോദിച്ചു :ഒരാളെ മനപ്പൂർവം കൊല്ലുന്നവന്റെ വിധിയെന്താണ് ? അദ്ദേഹം പറഞ്ഞു : 'അവന്റെ പ്രതിഫലം, 'ജഹന്നം' നരകം ആകുന്നു - അതിൽ (അവൻ) നിത്യവാസിയായിരിക്കുന്നതാണ് ; അവൻറെ മേൽ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്യുന്നതാണ് അവന്ന് വമ്പിച്ച ശിക്ഷ അവൻ (അല്ലാഹു) ഒരുക്കിവെക്കുകയും ചെയ്യുന്നതാണ്.'
അദ്ദേഹം പറഞ്ഞു : അവസാന കാലഘട്ടങ്ങളിൽ ഇറങ്ങിയ ഒരു വചനമാണിത് പ്രവാചകൻ വഫാതാകുന്നത് വരെയും അതിനെ അസാധുവാക്കികൊണ്ടു മറ്റൊന്നും അവതരിച്ചിട്ടില്ല പ്രവാചകന് ശേഷം വഹ്യ് ഇറങ്ങിയിട്ടുമില്ല , ചോദ്യകർത്താവ് തുടർന്നു : അയാൾ പശ്ചാത്തപിയ്ക്കുകയും വിശ്വാസം ഉറപ്പിക്കുകയും സൽകർമങ്ങൾ പ്രവർത്തിച്ചു സന്മാർഗം സ്വീകരിക്കുകയും ചെയ്താലോ ? അദ്ദേഹം മറുപടി പറഞ്ഞു : എങ്ങനെയാണ് അവനു പശ്ചാത്തപിക്കാൻ പറ്റുക ... പ്രവാചകൻ (സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: : കല്പിച്ചു കൂട്ടി ഒരുവനെ കൊല ചെയ്യുന്നവന്റെ കാര്യം കഷ്ടം തന്നെ , കൊല്ലപ്പെട്ടവൻ ഖിയാമത് നാളിൽ കൊല ചെയ്തവനെ, തന്റെ വലതോ അല്ലെങ്കിൽ ഇടതൊ കയ്യിലും, അർശിന്റെ ഭാഗത്തു നിന്നും നാഡികളിലൂടെ രക്തം ഒഴുകുന്ന അവസ്ഥയിൽ അവന്റെ തലയെ തന്റെ വലതോ അല്ലെങ്കിൽ ഇടതൊ കയ്യിലും ആയി പിടിച്ചു കൊണ്ട് വരും, ശേഷം അവൻ അല്ലാഹുവിനോട് പറയും : എന്റെ രക്ഷിതാവേ നീ നിന്റെ അടിമയോട് ചോദിക്കുക എന്തിനാണ് എന്നെ അവൻ കൊലചെയ്തതെന്ന്.

## യുദ്ധം ചെയ്യുന്നവരുമായുള്ള കരാറുകൾ പാലിക്കുന്നതിൽ പ്രതിബദ്ധത കാണിക്കുക

പ്രവാചകൻ (സ) ഈ വിഷയത്തെ വളരെയധികം പ്രാധാന്യത്തോടു കൂടിയാണ് സമീപിച്ചിരുന്നത്, എത്രത്തോളമെന്നാൽ കരാർ ലംഘനം നടത്തുന്നത് മുസ്ലിമീങ്ങളും അതിനു ഇരയായത് അവിശ്വാസികളും ആണെങ്കിൽ പോലും പ്രവാചകൻ (സ) അവരുടെ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞു മാറിയിരുന്നു ,



നബി സ അരുളി : ആരെങ്കിലും മറ്റൊരുവന്റെ ജീവന് സംരക്ഷണം നൽകാമെന്ന് വാക്കു നൽകുകയും ശേഷം അത് ലംഖിക്കുകയും ചെയ്താൽ , ഇരയായവാൻ അവിശ്വാസിയാണെങ്കിൽ പോലും , വാക്കുലംഖിച്ചവന്റെ മേൽ എനിക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**എന്റെ രക്ഷിതാവേ നീ നിന്റെ അടിമയോട് ചോദിക്കുക എന്തിനാണ് അവൻ എന്നെ കൊലചെയ്തതെന്ന്???**


പടുവൃദ്ധരെയും
കുഞ്ഞുങ്ങളെയെയും
സ്ത്രീകളെയും
നിങ്ങൾ വധിക്കരുത്
ശത്രുവിന്റെ വരും തലമുറകളുടെ ജീവൻ സംരക്ഷിക്കുക
മുഅതാ യുദ്ധത്തിൽ പ്രവാചകൻ (സ) സൈന്യത്തിന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്ന കൂട്ടത്തിൽ ഇപ്രകാരം പറഞ്ഞു : നിങ്ങൾ അല്ലാഹുവിനോടുള്ള സൂക്ഷ്മത നിലനിർത്തുക , നിങ്ങളുടെ കൂടെയുള്ള മുസ്ലിമീങ്ങളോട് നല്ല രീതിയിൽ വർത്തിക്കുക , (യുദ്ധത്തിൽ ) കുട്ടികളെയോ , പടു വൃദ്ധരേയോ , സ്ത്രീകളെയോ വധിക്കാതിരിക്കുക.
(മുസ്ലിം)


പുരോഹിതന്മാരെ വധിക്കരുത്
അവരുടെ ആരാധനാലയങ്ങൾ
തകർക്കരുത്
ശത്രുവിന്റെ മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള
സ്വാതന്ത്ര്യത്തിനു പരിരക്ഷ നൽകുക.
പ്രവാചകൻ സ അരുളി :
മഠങ്ങളിൽ ആരാധനയിൽ മുഴുകിയവരെ നിങ്ങൾ വധിക്കരുത്,
നിങ്ങൾ പുരോഹിതന്മാരെ വധിക്കരുത്,
നിങ്ങൾ അവരുടെ ആരാധനാലയങ്ങൾ തകർക്കരുത്.

# നിങ്ങൾ  കെട്ടിടങ്ങൾ തകർക്കരുത്



ഒന്നും തകർത്തു തരിപ്പണമാക്കുകയല്ല ചെയ്യേണ്ടത് മറിച്ച്  എല്ലാം  നിർമ്മിക്കുകയും

കെട്ടിപടുത്തുകയും  ആണ് വേണ്ടത്.

റസൂലുല്ലാഹി സ അരുളി :
നിങ്ങൾ ഈന്ത പനകളെ സമീപിക്കുകയോ വൃക്ഷങ്ങൾ മുറിക്കുകയോ കെട്ടിടങ്ങൾ
തകർക്കുകയോ ചെയ്യരുത്
ശേഷം അവിടുന്ന് പറഞ്ഞു : ഭക്ഷണാവശ്യത്തിനല്ലാതെ ഒട്ടകത്തെയോ
പശുവിനേയോ നിങ്ങൾ അറുക്കരുത് ,ഈന്ത പനകളെ വെട്ടി നശിപ്പിക്കുകയോ
അഗ്നിക്കിരയാക്കുകയോ ചെയ്യരുത്.

# മൃഗങ്ങളോട് ദയയും അനുകമ്പയും കാണിക്കുക

റസൂലുല്ലാഹി സ() ഒരിക്കൽ ഉറൂജ് (മക്കയുടെയും മദീനയുടെയും ഇടയിൽ സ്ഥിതി ചെയുന്ന ഒരു താഴവര) ൽ നിന്നും സഞ്ചരിച്ചു വരവേ , ഉറുജിന്റെയും താലൂബിന്റെയും വഴിമദ്ധ്യത്തിലെത്തിയപ്പോ ഒരു പട്ടി തന്റെ കുഞ്ഞുങ്ങൾക്ക് മുല നൽകിക്കൊണ്ട് അവയോടൊപ്പം വഴിയരികിൽ ഇരിക്കുന്നത് കണ്ടു , ആ പട്ടി കുരക്കുകയും മുരളുകയുംചെയ്യുന്നുണ്ടായിരുന്നു ഇതു കണ്ട പ്രവാചകൻ ജുആയൽ ബിൻ സുറാഖത് എന്നയാളെ അതിന്റെ മുന്നിലായി നിൽക്കാനും സൈന്യത്തിൽ ഒരാളും തന്നെ അതിനു ബുദ്ധിമുട്ടുണ്ടാക്കാതെ നോക്കാനും ഉത്തരവാദിത്വം ഏല്പിച്ചു.



## അംഗ വിച്ഛേദനം അനുവദിനീയമല്ല

**ഇമ്രാൻ ബിൻ ഹുസൈൻ റ പറയുന്നു : പ്രവാചകൻ സ നമ്മളെ ഉപദേശിക്കുന്ന സന്ദർഭങ്ങളിൽ എല്ലാം തന്നെ , സദഖ നൽകാൻ കൽപ്പിക്കുകയും അംഗവിച്ഛേദനം നടത്തുന്നത് നിരോധിക്കുകയും ചെയ്യുമായിരുന്നു.**

## യുദ്ധ തടവുകാരോട് നല്ല രീതിയിൽ വർത്തിക്കുക

**അല്ലാഹു തആല  പറയുന്നു :**

**“ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും”**

**റസൂലുല്ലാഹി (സ) അരുളി :**

**നിങ്ങൾ തടവുകാരോട് നല്ല രീതിയിൽ വർത്തിക്കുക.**

# നിങ്ങൾ തടവുകാരോട് നല്ല രീതിയിൽ വർത്തിക്കുക



**ക്ഷമയും വിട്ടുവീഴ്ചയും മുറുകെപ്പിടിക്കുകയും പ്രതികാര മോഹം മനസ്സിൽ നിന്നും ഒഴിവാക്കുകയും ചെയ്യുക.**

തന്നോട് ഇരുപതോളം വർഷത്തോളം പോരാട്ടം നയിച്ച കൂട്ടത്തോട് പ്രവാചകൻ (സ) മക്കം ഫത്തഹിന്റെ ദിവസം പറഞ്ഞ വാചകം പ്രവാചകന്റെ ജീവിതത്തിലെ വളരെ പ്രസിദ്ധമായ നിലപാടായി കണക്കാക്കപ്പെടുന്നു.

പ്രവാചകൻ (സ) പറഞ്ഞു : ഓ ഖുറൈശി സമൂഹമേ , ഞാൻ ഈ അവസരത്തിൽ നിങ്ങളെ എന്ത് ചെയ്യും എന്നാണ് നിങ്ങൾ കരുതുന്നത് ?

അവർ പറഞ്ഞു : നന്മ മാത്രമാണ് നാം പ്രതീക്ഷിക്കുന്നത് , അങ്ങ് വളരെ മാന്യനും മാന്യന്റെ പുത്രനുമാണല്ലോ ,അപ്പോൾ പ്രവാചകൻ (സ) അരുളി : പൊയ്ക്കൊള്ളുക നിങ്ങൾ സ്വതന്ത്രരാണ്.

# പൊയ്ക്കൊള്ളുക നിങ്ങൾ സ്വതന്ത്രരാണ്.....



# സംഗ്രഹം

യുദ്ധ മൈതാനിയിലേക്കു പുറപ്പെടുന്നതിനു മുമ്പ് സമാധാനം കാത്തുസൂക്ഷിക്കാൻ അനിവാര്യമായ പ്രവാചകൻറെ നിർദേശങ്ങളെ സംബന്ധിച്ച് നാം മനസിലാകുകയുണ്ടായി. എന്നാൽ ഇന്ന് ഇസ്ലാമിന് വേണ്ടി പ്രവർത്തിക്കുന്നു എന്ന വ്യാജേന അതിരുകവിയുന്ന തരത്തിലുള്ള കൊലപതകങ്ങൾക്കും മറ്റു സകല തരത്തിലുള്ള അധാർമികതക്കും ചുക്കാൻ പിടിക്കുകയും , സ്ത്രീകളുടെ മേൽ പോലും അക്രമം അഴിച്ചു വിടുകയും , ലജ്ജയുടെ സർവ മാനദണ്ഡങ്ങളും മറികടന്നു കൊണ്ട് പല രാഷ്ട്രങ്ങളെയും തകർത്തു തരിപ്പണമാക്കുക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളെ ഇന്ന് സമൂഹത്തിൽ കാണാൻ സാധിക്കും.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെല്ലാം തന്നെ പ്രവാചക വചനങ്ങളോടും അവിടുന്ന് മുന്നോട്ട് വച്ച മാർഗനിർദേശങ്ങളോടും യോജിക്കാത്തതാണെന്നു മാത്രമല്ല പ്രവാചക വചനങ്ങളോടുള്ള പ്രകട മായ വിഘടനമാണ് ,

മുഅത യുദ്ധത്തിൽ സൈന്യത്തിന് ആവശ്യമായ മാർഗ നിർദേശങ്ങൾ നല്കവേ പ്രവാചകൻ അരുളി : നിങ്ങൾ അല്ലാഹുവിനോടുള്ള സൂക്ഷ്മത നിലനിർത്തുക , നിങ്ങളുടെ കൂടെയുള്ള മുസ്ലിമീങ്ങളോട് നല്ല രീതിയിൽ വർത്തിക്കുക ,അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ അവിശ്വാ സികളുമായിട്ടുള്ള ധർമ സമരത്തിന് പുറപ്പെടുക ,നിങ്ങൾ വഞ്ചന കാണിക്കരുത്, അതിരു കവിയരുത് , കുഞ്ഞുങ്ങളെയോ സ്ത്രീകളേയോ , വയോവൃദ്ധന്മാരെയോ വധിക്കരുത് , ആരാധനാലയങ്ങളിൽ മുഴുകി ഇരിക്കുന്നവരെ നിങ്ങൾ വധിക്കരുത് നിങ്ങൾ ഈന്ത മരങ്ങളെ സമീപിക്കുകയോ വൃക്ഷങ്ങൾ മുറിക്കുകയോ , കെട്ടിടങ്ങൾ തകർക്കുകയോ അരുത് .

റസൂലുല്ലാഹി (സ) അരുളിയിരിക്കുന്നു : നിങ്ങൾ കുട്ടികളെയും സ്ത്രീകളെയും പ്രായം ചെന്ന ആളുകളെയും രോഗികളെയെയും പുരോഹിതന്മാരെയും വധിക്കരുത് , ഫല വൃക്ഷങ്ങൾ മുറിക്കുകയോ കെട്ടിടങ്ങൾ തകർക്കുകയോ അരുത്, ഭക്ഷണാവശ്യത്തിനല്ലാതെ ഒട്ടകത്തേയോ പശുവിനേയോ അറുക്കരുത് , ഈന്തപ്പനകളെ വെട്ടി നശിപ്പിക്കുകയോ അഗ്നിക്കിരയാക്കുകയോ ചെയ്യരുത്.

നിങ്ങൾ കുട്ടികളെയും സ്ത്രീകളെയും പ്രായം ചെന്ന ആളുകളെയും രോഗികളെയെയും വധിക്കരുത്

നിങ്ങൾ ആരാധനാലയങ്ങളിൽ മുഴുകി ഇരിക്കുന്നവരേയോ പുരോഹിത ന്മാരെയൊ വധിക്കരുത് , അവരുടെ മഠങ്ങൾ തകർക്കുകയുമരുത്.

നിങ്ങൾ കെട്ടിടങ്ങൾ നശിപ്പിക്കുകയോ തകർക്കുകയോ അരുത്.

നിങ്ങൾ ഭക്ഷണാവശ്യത്തിനല്ലാതെ ഒട്ടകത്തേയോ പശുവിനേയോ അറുക്കരുത്.

നിങ്ങൾ ഈന്തപ്പനകളെ വെട്ടി നശിപ്പിക്കുകയോ അഗ്നിക്കിര യാക്കുകയോ ചെയ്യരുത്.

നിങ്ങൾ വഞ്ചന കാണിക്കുകയോ അംഗഭംഗം വരുത്തുകയോ അതിരുകടക്കുകയോ ചെയ്യരുത് .

നിങ്ങൾ തടവുകാരോട് നല്ല നിലയിൽ പെരുമാറുക



# മാറ്റ തിരുത്തലുകളും വ്യാജ വാദങ്ങളും

റസൂലുല്ലാഹി സ അരുളിയിരിക്കുന്നു :
ദീനിന്റെ അറിവുകളെ എല്ലാ തലമുറകളിലെയും സത്യസന്ധരായ ആളുകൾ ഏറ്റെടുക്കുന്നതാണ് , അവർ അതിക്രമകാരികളുടെ മാറ്റത്തിരുത്തലുകളെയും വ്യാജവാദികളുടെ അറിവ് നടിക്കലിനേയും വിഡ്ഢികളുടെ ദുർവ്യാഖ്യാനങ്ങളെയും ഉന്മൂലനം ചെയ്യുന്നതാണ്,
സച്ചരിതരായ മുൻഗാമികളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വൈജ്ഞാനിക രീതിയുമായി പൂർണമായും വിയോജിക്കുന്ന രൂപത്തിലും ദൈവിക ഉല്ബോധനത്തിന്റെ അധ്യാപനങ്ങളോടും മൂല്യങ്ങളോടും യോജിക്കാത്ത തരത്തിലും പരിശുദ്ധ ഖുർആനിനെയും പ്രവാചക വചനങ്ങളെയും തെറ്റായ രീതിയിലൂടെ മനസ്സിലാക്കിയ കൂട്ടരാകുന്നു അവർ .

അവർ അമുസ്ലിമീങ്ങൾക്ക് വേണ്ടി അവതരിച്ച ആയത്തുകളെ മുസ്ലിമീങ്ങൾക്ക് വേണ്ടി ഉള്ളതാണെന്ന് വാദിക്കുകകയും ഉപാധികളോട് കൂടി അവതരിച്ച വചനങ്ങളെ നിരുപാധികമായ രീതിയിൽ വ്യാഖ്യാനിക്കുകയും പരിശുദ്ധ ഖുർആനിന്റെ വചനങ്ങളിലും പ്രവാചകന്റെ വചനങ്ങളിലും മാറ്റത്തിരുത്തലുകൾ വരുത്തുകയും ചെയ്തു, എത്രത്തോളമെന്നാൽ ആ ചിന്താഗതികൾ സാധാരണ വിശ്വാസികളുടെ മനസ്സുകളിൽ വളരെ തെറ്റായ രീതിയിൽ സ്ഥാനം പിടിക്കുകയും അത് കാരണമായി അവരുടെ ഭാഗത്തു നിന്നും പരിശുദ്ധ ദീനുമായി ബന്ധമില്ലാത്ത ഒരുപാടു പ്രവർത്തികൾ ഉണ്ടാവുകയും ചെയ്തു.

ഖുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും സച്ചരിതരായ മുൻഗാമികൾ പകർന്നു തന്ന അറിവുകളിൽ നിന്നും അകന്നു പോകുന്ന തരത്തിൽ പിഴച്ച ചിന്താഗതിക്കാർ ഖുറാനിൽ വരുത്തിയ മാറ്റാതിരുത്തലുകളെയും ശറഈ നിയമങ്ങളെ മനസ്സിലാക്കുന്നതിൽ വരുത്തിയ പിഴവുകളെയും സംബന്ധിച്ച് ഈ പരമ്പരയിലൂടെ നമുക്ക് മനസിലാക്കാം .



DAR AL FAQIH
PUBLICATION & DISTRIBUTION

www.sanad.network
twitter: @sanadnetwork
facebook.com/sanadnetwork
youtube.com/sanadnetwork
instagram.com/sanadnetwork